(സി) ഏറ്റവും കുറഞ്ഞ ടെണ്ടർകാരൻ ഏതു ജാതിക്കാരനാണു്; അയാളെതന്നെയാണൊ പണി ഏല്പിച്ചതു് ?

റാവു സാഹിബു് കെ. അയ്യപ്പൻ:

(എ) ഉവ്വു്.

(ബി) ഏറ്റവും കുറഞ്ഞ ടെണ്ടർ തുക മിസ്റ്റർ സി. ഇ. രാമൻനേറതായിരുന്നു. ടെണ്ടർ തുക ക. ഉ ൧,൫൫൫.

(സി) മിസ്റ്റർ രാമൻ ഈഴവനാണു്. അയാളെയല്ല പണി ഏല്പിച്ചതു്.

RAILWAY LANDS CHALAKUDI—DETAILS REGARDING

517. മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവു മറുപടി പറയുമോ.—

(എ) ചാലക്കുടി വിജയരാഘവപുരം കോളനിക്കു് പടിഞ്ഞാറുവശമുള്ള റെയിൽ വെ ബി. ക്ലാസ്സു് ഭൂമികൾ ഇപ്പോൾ ആരുടെ കൈവശത്തിലാണു് ;

(ബി) അവ കൈവശംവെച്ചിരിക്കുന്നതു് റവന്യു ഡിപ്പാർട്ടുമെണ്ടിന്റെ അനുവാദത്തോടുകൂടിയാണൊ?

മിസ്റ്റർ സി. ആർ. ഈയ്യുണ്ണി:

(എ) ടി സ്ഥലം ഇപ്പോൾ

൧. കളപ്പുരക്കൽ ലോന പൊറിഞ്ചു.

൨. വടക്കെ പീടിക പൈലോതു മക്കൾ ഇട്ടൂച്ചൻ, കുരിയ.

൩. മാങ്ങലത്തു് വേലായുധൻ.

൪. കോളനി പറയൻ ചെറിയാൻ മകൻ ശാമൻ മുണ്ടൻ.

൫. പാലത്തിങ്കൽ ചുമ്മാരു അന്തോണി.

൬. മൂടത്തു അന്തോണി ഒസേപ്പു് ഇവരുടെ കയ്യേറ്റത്തിലാണു്.

(ബി) കക്ഷികൾ കൈവശം വെച്ചിരിക്കുന്നതു് റവന്യു ഡിപ്പാർട്ടുമെണ്ടിന്റെ അനുവാദത്തോടുകൂടിയല്ല. ഇവരുടെ പേരിൽ കയ്യേറ്റനടപടികൾ എടുത്തുവരുന്നുണ്ടു്.

AREA UNDER THE JURISDICTION OF THE COCHIN PORT AUTHORITY

518. ചൌധരി ജി. എസ്സു്. ധാരാസിംഗു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു് ദയവായി മറുപടി പറയുമോ.—

(എ) കൊച്ചി ഗവണ്മെണ്ടുവക തുറമുഖാധികാരിയുടെ നിയന്ത്രണത്തിലിരിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം എത്ര;

(ബി) അതിനു ഗവർമ്മെണ്ടിനു വല്ല ആദായവും കിട്ടുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര?

റാവുസാഹിബു് എ. മാധവപ്രഭു:

(എ) ൧ ൧ ൪ ഏക്കു് ൫ സെന്റു്.

(ബി) ഈ സംഗതി എഴുത്തുകുത്തിൽ ഇരിക്കയാണു്.

DEPRESSED CLASS STUDENTS IN THE COLLEGES OF THE STATE

519. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവർമ്മെണ്ടു ദയവു മറുപടി പറയുമോ.—

(എ) സ്റ്റേറിലെ കോളേജുകളിൽ ഓരോന്നിലും എത്ര അധഃകൃത വിദ്യാർത്ഥികൾ വീതം ഉണ്ടു്;

(ബി) ഓരോ കോളേജിലുമുള്ള ഓരോ ക്ലാസ്സിലും എത്ര അധഃകൃത വിദ്യാർത്ഥികൾ വീതമാണുള്ളതു്;

(സി) അവരിൽ ആൺകുട്ടികൾ എത്ര; പെൺകുട്ടികൾ എത്ര;

(ഡി) അവരിൽ തോറ്റ കുട്ടികൾ എത്ര;

(ഇ) തോറ്റ കുട്ടികൾക്കു് വല്ല സൌജന്യവും ഗവണ്മെണ്ടു നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) & (ബി) പട്ടിക നോക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(സി)

	ആൺ	പെൺ
മഹാരാജാസ് കോളേജ്, എറണാകുളം	൪൭	൭
സെൻറ് തോമാസ് കോളേജ്, തൃശ്ശിവപേരൂർ	൪	൦
സെൻറ് മേരീസ് കോളേജ്, തൃശ്ശിവപേരൂർ	൦	൩

(ഡി) മഹാരാജാസ് കോളേജ് ൪
സെൻറ് തോമാസ് കോളേജ് ൧ } ൭
സെൻറ് മേരീസ് കോളേജ് ൨

(ഇ) ഉവ്വ്. മഹാരാജാസ് കോളേജിൽ മാത്രം ഫീസ് ഇളവുചെയ്യുന്നുണ്ട്.

(Please see Appendix I)

COMPLAINTS ON POLICE OFFICERS—DETAILS REGARDING

520. മിസ്റ്റർ എം. കെ. വറുഗീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് സഭയം മറുപടി പറയുമോ.—

(എ) ൧൯൪൬-ാം മാണ്ടിൽ പോലീസ് ഉദ്യോഗസ്ഥന്മാരെ കുറിച്ചുള്ള ആക്ഷേപങ്ങൾ ആകെ എത്ര എണ്ണം ലഭിച്ചിട്ടുണ്ട്;

(ബി) അവയിൽ എത്ര എണ്ണത്തെകുറിച്ചുള്ള അന്വേഷണം പൂർത്തിയായി;

(സി) അവയിൽ എത്ര എണ്ണത്തിൽ ഉദ്യോഗസ്ഥൻ കുറക്കാരനായി തെളിഞ്ഞിട്ടുണ്ട്;

(ഡി) മേൽപറഞ്ഞ ആക്ഷേപങ്ങളിൽ എത്ര എണ്ണം സബ് ഇൻസ്പെക്ടർ ഗ്രേഡിലും അതിലും ഉയർന്ന ഗ്രേഡിലും ഉള്ളവരെ സംബന്ധിച്ചവയായിരുന്നു;

(ഇ) അവയിൽ (ഡി. യിൽ പറയുന്നവയിൽ) എത്ര എണ്ണത്തിൻെറ അന്വേഷണം പൂർത്തിയായി;

(എഫ്) അവയിൽ എത്ര എണ്ണത്തിൽ ഉദ്യോഗസ്ഥൻ കുറക്കാരനായി തെളിഞ്ഞു?

റാവു സാഹിബ് എ. മാധവപ്പട്ട:

(എ) ൧൯൪൬ൽ (നൂറിപത്തൊമ്പത്).

(ബി) ൧൯൪൬ (നൂറ്റി പതിനെട്ട്) ഒന്നിനെ പറ്റിയുള്ള കേസ്സ് കോടതിയിലാണ്.

(സി) ൧൩. (പതിനാറെണ്ണത്തിൽ).

(ഡി) ആക്ഷേപങ്ങളിൽ പതിനഞ്ചെണ്ണം സബ് ഇൻസ്പെക്ടർമാരെകുറിച്ചും മറ്റ് അതിലും ഉയർന്ന ഗ്രേഡിലുള്ള ഉദ്യോഗസ്ഥനെകുറിച്ചും ആയിരുന്നു.

(ഇ) പതിനാറ്.

(എഫ്) ഒന്നിൽ.

CASES OF OPPRESSION OF THE DEPRESSED CLASSES AT IRINJALAKKUDA

521. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് സഭയം പറപടി നൽകുമോ.—

(എ) അധഃകൃത മർദ്ദനക്കേസുകളെക്കുറിച്ച് ഇയ്യിടെയായി ഇരിങ്ങാലക്കുട പോലീസ് സ്റ്റേഷനിൽനിന്ന് തക്കസമയത്തു അന്വേഷണം നടത്തുന്നില്ലെന്നും, വളരെ താമസിച്ച് അന്വേഷണം നടത്തിയാൽതന്നെയും മിക്ക കേസുകളും റഫർചെയ്യുകയുന്നതിനുള്ള നടപടികളാണ് സ്റ്റേഷനിൽനിന്ന് എടുക്കുന്നതെന്നുള്ള പരാതി ഗവർമ്മെണ്ടിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടികളാണ് ഗവർമ്മെണ്ട് അക്കാര്യത്തിൽ എടുത്തിട്ടുള്ളത്?

റാവുസാഹിബ് എ. മാധവപ്പട്ട:

(എ) ഉവ്വ്.

(ബി) അതിനെപ്പറ്റി അന്വേഷിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

(Please see answer to Question No. 519)

പട്ടിക

നമ്പർ	കോളേജിന്റെ പേരു്	I	II	III	IV	J. B. Sc.	S. B. Sc.	Total
൧	മഹാരാജാസ് കോളേജ്, എറണാകുളം	൪൬	൨൦	൮	൫	൫	൫	൭൮
൨	സെൻറ് തോമസ്, തൃശ്ശിവപേരൂർ	൪	൫	..	..	..	..	൯
൩	സെൻറ് തെരസാസ്, എറണാകുളം	..	..	..	..	..	..	..
൪	കാർമൽ, തൃശ്ശിവപേരൂർ	..	..	..	..	..	..	..
൫	സെൻറ് ആൾബർട്ടസ്, എറണാകുളം	..	..	..	..	..	..	..
൬	എസ്സ്. എച്ച്. കോളേജ്, തേവര	..	..	..	..	..	..	..
൭	സെൻറ്. മേരീസ്, തൃശ്ശിവപേരൂർ	൪	..	..	..	..	..	൪
		൫൪	൨൫	൮	൫	൫	൫	൭൬

LIBRARY ARCHIVES Kerala Legislative Assembly